വാണിജ്യ നികുതി കുടിശ്ശിക

168 (3827) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യനികുതി കുടിശ്ശിക യഥാസമയങ്ങളിൽ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതി ഇനത്തിൽ എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളത് ; വിശദാംശം നൽകുമോ ;

(സി) ഇതിൽ ഒരു കോടിയിൽ കൂടുതൽ നികുതി കുടിശ്ശികയുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഇവരിൽനിന്നും നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതി കുടിശ്ശിക യഥാസമയങ്ങളിൽ പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. കോടതി സ്റ്റേയും മറ്റ്നടപടികളും കാരണം കുടിശ്ശിക പിരിക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതി ഇനത്തിൽ 6565.84 കോടി രൂപ പിരിഞ്ഞികിട്ടാനുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

ടേൺ ഓവർ ടാക്സ്

169 (3828) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ടേൺ ഓവർ ടാക്സ് ഏതെല്ലാം സാധനങ്ങൾക്കാണ് പുതിയതായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഹാൻഡ്ലൂം/ഖാദി ഉല്പന്നങ്ങൾക്ക് ടേൺ ഓവർ ടാക്സ് ഈടാക്കുന്നതിന് എതിരെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly